# കേരളസർവകലാശാല

നം.പി.ആർ.170/2021

## പത്രക്കുറിപ്പ്

### എൽ.എൽ.ബി. – പുതുക്കിയ പരീക്ഷാകേന്ദ്രത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ 2021 സെപ്റ്റംബർ 2 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷകൾക്കും, സെപ്റ്റംബർ 3 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷകൾക്കും കോവിഡ് – 19 ന്റെ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം വാടക്കൽ ആലപ്പുഴ യു.ഐ.എം. സബ്സെന്ററായി അനുവദിച്ചിരിക്കുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ ആഗസ്റ്റ് 31 ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി അതാത് കോളേജ് പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### പുതുക്കിയ പരീക്ഷാസമയം

കേരളസർവകലാശാല 2021 സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം./ബി.എസ്.സി. മാത്സ്/കമ്പ്യൂട്ടർസയൻസ്/ബി.സി.എ./ബി.ബി.എ. (വിദൂരവിദ്യാഭ്യാസം – എസ്.ഡി.ഇ.) പരീക്ഷകൾ പ്രസിദ്ധീകരിച്ചിരിക്കുന്ന ടൈംടേബിൾ പ്രകാരം പരീക്ഷാസമയം രാവിലെ 9.30 മുതൽ 12.30 വരെ ആയിരുന്നത് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയായി പുനഃക്രമീകരിച്ചിരിക്കുന്നു.

### ഐ.എം.കെ.,യു.ഐ.എം. – എം.ബി.എ. പ്രവേശനം – തീയതി നീട്ടി

കേരളസർവകലാശാലയിലെ ഐ.എം.കെ., യു.ഐ.എം. എന്നിവിടങ്ങളിലെ എം.ബി.എ. പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നീട്ടിയിരിക്കുന്നു. ഐ.എം.കെ. പ്രവേശനത്തിന് സെപ്റ്റംബർ 13 വരെയും യു.ഐ.എം. പ്രവേശനത്തിന് സെപ്റ്റംബർ 20 വരെയും അഡ്മിഷൻ പോർട്ടൽ വഴി അപേക്ഷിക്കാം.

തിരുവനന്തപുരം,
30.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**